"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഓവർസിയർ ഗ്രേഡ് III ജിഷ്ണു എസ്.എസ്-ന് പഠന ആവശ്യത്തിനായി അനുവദിച്ച ശൂന്യവേതന അവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.63/2025/LSGD    തീയതി,തിരുവനന്തപുരം, 07-01-2025

---

പരാമർശം:-
1. സ.ഉ (സാധാ)നം.2735/2022/LSGD തീയതി 08.11.22
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 27.12.24 ലെ LSGD/PD/44139/2024-DEE2 നമ്പർ കത്ത്

**ഉത്തരവ്**

ഗ്രേഡ് III ഓവർസിയർ ജിഷ്ണു.എസ്.എസ്-ന് പഠന ആവശ്യത്തിലേയ്ക്കായി 16.08.2022 മുതൽ 31.12.2024 വരെ, പരാമർശം 1 പ്രകാരം കെ.എസ്.ആർ ഭാഗം I ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. അഹമ്മദാബാദിലെ National Institute of Design -ൽ 18.07.2022 മുതൽ 3 വർഷത്തെ മാസ്റ്റേഴ്സ് പ്രോഗ്രാം പഠനത്തിന്റെ ഭാഗമായി BASANT എന്ന സ്ഥാപനത്തിൽ ഗ്രാജുവേഷൻ പ്രൊജക്സ് 6 മാസ കാലയളവിൽ പൂർത്തിയാക്കേണ്ടതായിട്ടുള്ളതിനാൽ ടി പ്രൊജക്ട് പീരീഡ് പൂർത്തിയാക്കുന്നതിനും കോഴ്സ് പൂർത്തീകരിക്കുന്നതിനും 6 മാസം കൂടി ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകണമെന്ന് ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

പരാമർശം 2 ശുപാർശയുടെ അടിസ്ഥാനത്തിൽ ഗ്രേഡ് III ഓവർസിയർ ജിഷ്ണു.എസ്.എസ്-ന് പഠന ആവശ്യത്തിലേയ്ക്കായി 01.01.2025 മുതൽ 01.07.2025 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം I ചട്ടം 88 പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

ജിഷ്ണു എസ് എസ് , ഓവർസിയർ ഗ്രേഡ് III (ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 07-01-2025 15:58:43

സെക്ഷൻ ഓഫീസർ